## എം.സി.എ - സീറ്റ് ഒഴിവ്

കണ്ണൂർ സർവ്വകലാശാല പാലയാട് ഡോ.ജാനകി അമ്മാൾ ക്യാമ്പസിലെ ഐ.ടി സെൻ്ററിൽ എം.സി.എ പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു. പ്രവേശനത്തിനായി ജനറൽ ഉൾപ്പെടെ എല്ലാ വിഭാഗത്തിലുമുള്ള യോഗ്യരായ വിദ്യാർത്ഥികൾക്ക് 26-11-2021 ന് മുൻപായി 9995092159 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## എം.എസ്.സി.അപ്ലൈഡ് സുവോളജി - സീറ്റ് ഒഴിവ്

കണ്ണൂർ സർവകലാശാല മാനന്തവാടി ക്യാമ്പസിലെ ജന്തുശാസ്ത്ര പഠന വകുപ്പിൽ എം.എസ്.സി.അപ്ലൈഡ് സുവോളജി പ്രോഗ്രാമിൽ എസ്.ടി വിഭാഗത്തിൽ മൂന്നു സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനമാഗ്രഹിക്കുന്ന അർഹരായ വിദ്യാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 29-11-2021ന് വകുപ്പ് മേധാവി മുൻപാകെ ഹാജരാകണം. ഫോൺ:9847803136.

## സമ്പർക്ക ക്ലാസുകൾ

കണ്ണൂർ സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികളുടെ സമ്പർക്ക ക്ലാസുകൾ നവംബർ 27 ,28 തീയതികളിലായി (Saturday & Sunday 10 am to 4 pm ) എസ് എൻ കോളേജ് കണ്ണൂർ, എൻ എ എസ് കോളേജ് കാഞ്ഞങ്ങാട് , മേരി മാതാ കോളേജ് മാനന്തവാടി, സർ സയ്യിദ് കോളേജ് തളിപ്പറമ്പ എന്നീ പഠന കേന്ദ്രങ്ങളിൽ വച്ചു നടത്തപ്പെടുന്നു. വിശദാംശങ്ങൾക്കായി വെബ് സൈറ്റ് സന്ദർശിക്കുക.

## ടൈംടേബിൾ

· **08.12.2021** ന് ആരംഭിക്കുന്ന **ആറാം** സെമസ്റ്റർ **ബിരുദ കോവിഡ് സ്പെഷ്യൽ** (ഏപ്രിൽ 2021) പരീക്ഷകളുടെ ടൈടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. സർവകലാശാല ആസ്ഥാനമാണ് പരീക്ഷാകേന്ദ്രം.

· **08.12.2021** ന് ആരംഭിക്കുന്ന **എട്ടാം** സെമസ്റ്റർ **ബി. ടെക്.** സപ്ലിമെൻ്ററി (2007 അഡ്മിഷൻ മുതൽ), ഏപ്രിൽ 2020 പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2007 മുതൽ 2010 വരെയുള്ള അഡ്മിഷൻ വിദ്യാർഥികളുടെ അവസാന അവസരമാണ്.